# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/183/2017 പത്രക്കുറിപ്പ് 2017 ആഗസ്റ്റ് 29

**പ്രസ്സ് റിലീസ് – 2 (ജൈവം പ്രത്യേക വാർത്തകൾ ഉൾപ്പെടെ)**

**എം. എഡ് സീറ്റൊഴിവ്**

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ 2017 – 19 അധ്യയന വർഷത്തിലെ എം. എഡ് ഡിഗ്രി പ്രോഗ്രാമിൽ ജനറൽ വിഭാഗത്തിലും സംവരണ വിഭാഗത്തിലും ഏതാനും സീറ്റുകൾ ഒഴിവുണ്ട്. CAT MGU പ്രോസ്പെക്ടസ് പ്രകാരം യോഗ്യതയുള്ളവർ ആഗസ്റ്റ് 31 ന് രാവിലെ 11 മണിക്ക് അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ ഹാജരാകണം. പ്രോഗ്രാം ഫീസ് : 7900/– വിശദവിവരങ്ങൾക്ക് ഫോൺ : 0481 – 2731042.

**എം. ജി. ബി. പി. എഡ്/ബി. എൽ. ഐ. എസ്‌സി. പ്രവേശനം : എസ്. സി./എസ്. ടി മൂന്നാം പ്രത്യേക അലോട്ട്മെന്റിന് ഓപ്ഷൻ രജിസ്ട്രേഷൻ ഇന്ന് (ആഗസ്റ്റ് 30) വരെ. അലോട്ട്മെന്റ് സെപ്റ്റംബർ 2ന്.**

എം. ജി. സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ബി. പി. എഡ്/ബി. എൽ. ഐ. എസ്‌സി. പ്രോഗ്രാമുകൾക്ക് എസ്. സി./എസ്. ടി വിഭാഗങ്ങൾക്കുള്ള സ്പെഷ്യൽ അലോട്ട്മെന്റിന് ഇന്ന് പുതുതായി ഓപ്ഷൻ നൽകാം. മുൻപ് അപേക്ഷിക്കാത്ത എസ്‌സി, എസ്. ടി അപേക്ഷകർക്കും പങ്കെടുക്കാം. സ്പെഷ്യൽ അലോട്ട്മെന്റ് സെപ്റ്റംബർ 2 ന് പ്രസിദ്ധീകരിക്കും. വിശദവിവരങ്ങൾക്കും രജിസ്ട്രേഷനും www.cap.mgu.ac.in എന്ന വെബ്ബ്സൈറ്റ് സന്ദർശിക്കുക.

**ആരോഗ്യ ഭക്ഷണ കൃഷികാര്യങ്ങളിൽ നിതാന്ത ജാഗ്രത പുലർത്തണം : മുഖ്യമന്ത്രി പിണറായി വിജയൻ**

ആരോഗ്യ ഭക്ഷണ കൃഷികാര്യങ്ങളിൽ നിതാന്ത ജാഗ്രത പുലർത്തണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. മഹാത്മാഗാന്ധി സർവ്വകലാശാലാ സ്പോർട്സ് ഗ്രൗണ്ടിൽ പ്രത്യേകം തയ്യാറാക്കിയ പന്തലിൽ ഹരിത കേരളം പദ്ധതിയുടെ ഭാഗമായുള്ള ജൈവ സാക്ഷരതാ യജ്ഞം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പ്രതികൂലകാലാവസ്ഥയെ മറികടന്ന് നടന്ന വർണാഭമായി ചടങ്ങിൽ പങ്കെടുത്ത പതിനായിരത്തിൽ പരം നാഷണൽ സർവ്വീസ് സ്കീം വോളണ്ടിയർമാരെ സാക്ഷിനിർത്തി പച്ചക്കറികൾകൊണ്ടുണ്ടാക്കിയ ജൈവദീപം തെളിയിച്ചാണ് മുഖ്യമന്ത്രി ജൈവം പദ്ധതി ഉദ്ഘാടനം ചെയ്തത്.

കേരളീയരായ നാം ഒരുവേള കാർഷിക വൃത്തിയിൽ നിന്ന് പിന്നോട്ട്പോയി ഇപ്പോൾ ഇതര സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പച്ചക്കറികളാണ് നാം ഉപയോഗിക്കുന്നത്. വിഷമാണെന്നറിയാതെ വിഷമായമായ ഭക്ഷണമാണ് നാം ഇന്ന് കഴിക്കുന്നത്. ഇത് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളിലേക്ക് വഴിതെളിയിക്കുന്നുണ്ട്. വിഷമയമായ പച്ചക്കറികൾക്ക് ഗുണം മാത്രമല്ല സ്വാദുമില്ല. എല്ലാവരും സ്വന്തം ആവശ്യത്തിനുള്ള ഭക്ഷ്യ വസ്തുക്കൾ ഉണ്ടാക്കുന്ന സംസ്ക്കാരം ഉണ്ടാകേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തണം. ഈ ആശയങ്ങൾ പ്രചരിപ്പിക്കാനായി മഹാത്മാഗാന്ധി സർവ്വകലാശാല ഏറ്റെടുത്ത ദൗത്യം എന്തുകൊണ്ടും ശ്ലാഘനീയവും മാതൃകാപരവുമാണ്. നവകേരള സൃഷ്ടിക്കായുള്ള ഉണർത്തുപാട്ടായ ഹരിതകേരളം പദ്ധതിക്ക് ശക്തി പകരാൻ മഹാത്മാഗാന്ധി സർവ്വകലാശാലാ രൂപം നൽകിയ ജൈവസാക്ഷരതാ യജ്ഞത്തിന് കഴിയുമെന്ന് പ്രത്യാശിക്കുന്നു. കോട്ടയം ജില്ലയിൽ മാത്രം ഒതുക്കിനിർത്തേണ്ടതല്ല ഈ പദ്ധതിയെന്നും മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള മറ്റ് ജില്ലകളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കണമെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടു.

**ആശയരൂപീകരണംസർവ്വകലാശാലയുടെ കടമ : വിദ്യാഭ്യാസ മന്ത്രി**

സാമൂഹ്യപ്രശ്നപരിഹാരത്തിനുള്ള ആശയരൂപീകരണവും പ്രചാരണവും സർവ്വകലാശാലകളുടെ പ്രാഥമിക കടമയായാണെന്ന് വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. ജൈവ വൈവിധ്യത്തിന്റെ ശോഷണമാണ് ഇന്ന് നാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. പ്രകൃതിയുടെ സന്തുലനം നിലനിർത്താനുള്ള നടപടികൾ ഉണ്ടായേ തീരൂ. സൂര്യപ്രകാശത്തിൽ നിന്നും ഹരിതാഭമായ ഇലകളിലൂടെ സംഭരിക്കപ്പെടുന്ന ഊർജ്ജമാണ് സസ്യഭക്ഷണമായി ലഭിക്കുന്നത്. പ്രകൃതിയിലെ ചാക്രിക പ്രക്രിയയിൽ ഭംഗം വരാതെ നോക്കാൻ മനുഷ്യർക്ക് ഉത്തരവാദിത്വമുണ്ട്. കാരണം അതിലിടപെടലുകൾ നടത്തുന്നത് മനുഷ്യർ തന്നെയാണ്. ജൈവം പദ്ധതി ഈ കാലഘട്ടത്തിന്റെ ആവശ്യമാണെന്നും മന്ത്രി പറഞ്ഞു.

ജൈവസാക്ഷരതാ യജ്ഞത്തിന്റെ ഭാഗമായി നടക്കുന്ന ഗൃഹസന്ദർശന വേളയിൽ വിതരണം ചെയ്യുവാനുള്ള 68 പേജുകളുള്ള ജൈവ പച്ചക്കറി കൃഷിക്കുള്ള മാർഗ്ഗരേഖ ജോസ്. കെ. മാണി എം. പി.. പ്രകാശനം ചെയ്തു. ജൈവം പദ്ധതിയുടെ സർവ്വേയ്ക്ക് ഉപയോഗിക്കുവാനുള്ള മൊബൈൽ ആപ് രാജു എബ്രഹാം എം. എൽ. എ ഉദ്ഘാടനം ചെയ്തു. കൈതപ്രം ദാമോദരൻ നമ്പൂതിരി രചിച്ച് ദീപാങ്കുരൻ ഈണം നൽകിയ ജൈവ ഗീതം കെ. സുരേഷ്കുറുപ്പ് എം. എൽ. എ പ്രകാശനം ചെയ്തു.

സിൻഡിക്കേറ്റംഗവും ജൈവം ചെയർമാനുമായ അഡ്വ. പി. കെ ഹരികുമാർ പദ്ധതി വിശദീകരണം നടത്തി. സിൻഡിക്കേറ്റംഗങ്ങളായ പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. എ. ജോസ്, ഡോ. എം. എസ്. ലത, നാഷണൽ സർവ്വീസ് റീജിയണൽ ഡയറക്ടർ ജി. പി. സജിത് ബാബു എന്നിവർ സംസാരിച്ചു. വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ സ്വാഗതവും രജിസ്ട്രാർ എം. ആർ. ഉണ്ണി കൃതജ്ഞതയും പ്രകാശിപ്പിച്ചു. അമലഗിരി ബി. കെ കോളേജിലെ 50 വിദ്യാർത്ഥിനികൾ ആലപിച്ച ജൈവഗീതം ചടങ്ങിന് മാറ്റുകൂട്ടി.

നാഷണൽ സർവ്വീസ് സ്കീം സംസ്ഥാന ഓഫീസർ ഡോ. കെ. സാബുകുട്ടൻ, എം. ജി സർവ്വകലാശാലാ എൻ. എസ്. എസ്. പ്രോഗ്രാം കോ– ഓർഡിനേറ്റർ ഡോ. സന്തോഷ് പി. തമ്പി, ജൈവം കോ. ഓർഡിനേറ്റർ ജി. ശ്രീകുമാർ, കെ. സി. അനീഷ്കുമാർ എന്നിവർ ഓണക്കാല ജൈവക്യാമ്പുകൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി. 71 പഞ്ചായത്തുകളിലും 6 മുൻസിപ്പാലറ്റികളിലുമായി ജൈവ ബോധ വൽക്കരണത്തിനായി 118 ഓണക്കാല ക്യാമ്പുകൾ ഒന്നാം ഘട്ടത്തിൽ സംഘടിപ്പിക്കും.

**ജൈവപദ്ധതി ഉദ്ഘാടനം സംബന്ധിച്ച ഇതര പ്രത്യേക വാർത്തകൾ**

**ജൈവ പ്രതിജ്ഞ**

മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടന ചടങ്ങിൽ വച്ച് ജൈവപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. യോഗത്തിൽ പങ്കെടുത്ത പതിനായിരത്തിൽ പരം വിദ്യാർത്ഥികളും അധ്യാപകരും ക്ഷണിതാക്കളും കൈനീട്ടി പ്രതിജ്ഞയേറ്റുചൊല്ലി.

“ഈ മഹാപ്രപഞ്ചത്തിലെ സകല ചരാചരങ്ങളുടെയും നിലനില്പിന് അനിവാര്യമായ ഘടകങ്ങളായ വായു, ജലം, മണ്ണ് എന്നിവയെ മലിനമാക്കാതെ സംരക്ഷിച്ച് വരും തലമുറകൾക്ക് കൈമാറുമെന്നും മാലിന്യ സംസ്കരണത്തിന് വിവേകപൂർവ്വം നിർവ്വഹിക്കുമെന്നും വീട്ടാവശ്യത്തിനുള്ള ഭക്ഷ്യവസ്തുക്കൾ പൂർണ്ണമായും ജൈവരീതിയിൽ സ്വയം കൃഷി ചെയ്യുമെന്നും ഈ രീതിയുടെ പ്രായോഗികത പരമാവധി പ്രചരിപ്പിക്കുമെന്നും അത് വരും തലമുറയ്ക്ക് പകർന്നു കൊടുക്കുമെന്നും ഞാൻ പ്രതിജ്ഞ ചെയ്യുന്നു.”

**ജൈവ ഗീതം**

കൈതപ്രം ദാമോദരൻ നമ്പൂതിരി രചിച്ച് സംഗീതസംവിധായകൻ ദീപാങ്കുരൻ ഈണം പകർന്ന് ശബ്ദം നൽകിയ ജൈവഗീതം കെ. സുരേഷ്കുറുപ്പ് എം. എൽ. എ പ്രകാശനം ചെയ്തു. ശുദ്ധധന്യാസി രാഗത്തിൽ ചിട്ടപ്പെടുത്തിയ ഗീതം അമലഗിരി ബി. കെ. കോളേജിലെ 50 വിദ്യാർത്ഥിനികൾ വേദിയിൽ ആലപിച്ചു.

ജൈവം..... ജൈവം.......
നാടിനു വേണം വീടിനു വേണം
നിലനില്പിന്റെ ജൈവ വസന്തം
ജൈവക്കനവുകളിനിമേൽ നാടിനു
ജീവൻ നൽകും ശ്വാസം പോലെ
ഹൃദയം തേടും താളം പോലെ

ജൈവം...... ജൈവം.....

പുഴകളൊഴുക്കാൻ.... മലകളുയർത്താൻ
മഴവിൽ വർണ്ണപീലി നിവർത്താൻ

ജൈവം........ ജൈവം........

ശുദ്ധജലം മഴമുത്ത്
പ്രാണവായു സഞ്ചാരം
മനുഷ്യനും മൃഗങ്ങളും ജീവനോടെ നിലനിൽക്കാൻ

ജൈവം......

കാർഷികമെന്നും നമുക്കു പാഠം
മലിനീകരണം തുടച്ചു മാറ്റും
സുസ്ഥിര ജീവന സംസ്കാരം

ജൈവം.....

ജൈവവളം....... ജീവജലം
ജൈവമുദ്രാവാക്യത്താൽ
എങ്ങെങ്ങും നിറയട്ടെ
വിജയത്തിൻ വീറുകളായ്

ജൈവം.....

**'മൈബൈൽ ആപ്പ്'**

ജൈവത്തിന്റെ സർവ്വേ മറ്റ് പ്രചാരണ പ്രവർത്തനങ്ങൾ, പ്രവർത്തനങ്ങളുടെ നിരീക്ഷണം പുരോഗതി വിലയിരുത്തൽ എന്നിവയ്ക്കായി പ്രത്യേകം തയ്യാറാക്കിയ 'മൊബൈൽ ആപ്പ്' വികസിപ്പിച്ചു. ജൈവത്തിൽ പങ്കെടുക്കുന്ന പ്രോഗ്രാം ഓഫീസർമാർ വോളണ്ടിയർ സെക്രട്ടറിമാർ, വോളണ്ടിയർമാർ, എന്നിവരുടെ വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിനും പരിപാടിയിൽ പങ്കെടുക്കുന്ന കേളേജുകൾക്കും പ്രോഗ്രാം ഓഫീസർമാർക്കുമുള്ള നിർദ്ദേശങ്ങൾ ഓൺലൈനായി നൽകുന്നതിനുമായി ഒരു വെബ് പേജ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. മൈബൈൽ ആപ്പും വെബ്ബ്പേജും വഴി വോളണ്ടിയർമാരുടെ വിവരങ്ങൾ പ്രോഗ്രാം ഓഫീസർമാർ വെബ്ബ്പേജിൽ അപ്‌ലോഡ് ചെയ്യും. മൊബൈൽ ആപ്പുമായി ബന്ധപ്പെട്ട പരിശീലനം പ്രോഗ്രാം ഓഫീസർമാർക്കും വോളണ്ടിയർ സെക്രട്ടറിമാർക്കും നൽകിയിട്ടുണ്ട്. മൊബൈൽ ആപ്പ് രാജു എബ്രഹാം എം. എൽ. എ ചടങ്ങിൽ ഉദ്ഘാടനം ചെയ്തു.

**ജൈവവിളക്ക്**

മികച്ച ജൈവ കർഷകയ്ക്കുള്ള അവാർഡ് കരസ്ഥമാക്കിയ എറണാകുളം പുതുവൈപ്പിലെ മേരി ജേക്കബ് രൂപകൽപ്പന നൽകി സ്ഥാപിച്ച പച്ചക്കറിവിളക്കിൽ തിരിതെളിച്ചുകൊണ്ടാണ് ജൈവം പദ്ധതി മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തത്. വാഴചുണ്ട്, കുന്തിരിക്കം, മുളക്, തക്കാളി, കാപ്സിക്കം, പാവയ്ക്ക, മത്തങ്ങ തുടങ്ങിയ പച്ചക്കറികളാണ് അഞ്ചടി ഉയരമുള്ള വിളക്കു നിർമ്മാണത്തിന് ഉപയോഗിച്ചത്. മൂന്നു പേർ 8 മണിക്കൂർ പണിയെടുത്താണ് ഉദ്ഘാടന വിളക്ക് പൂർത്തീകരിച്ചത്.

**ജൈവ കിഴി**

പ്രൗഢോജ്ജ്വല ചടങ്ങിൽ പങ്കെടുത്ത വിശിഷ്ടാതിഥികളെ ഞവര അരിയുടെ കിഴി നൽകിയാണ് സ്വീകരിച്ചത്. സർവ്വകലാശാലാ ആരംഭിച്ചിരിക്കുന്ന അന്തർ സർവ്വകലാശാലാ സുസ്ഥിര ജൈവകൃഷി പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ വൈക്കത്ത് ഉദയനാപുരം പഞ്ചായത്തിലെ വല്ലകത്ത് ഒരേക്കർ തരിശുപാടത്ത് ഗവേഷണ കാര്യത്തിനായി കൃഷി ചെയ്ത് വിളവെടുത്ത നെല്ലരിയാണ് നൽകിയത്.

അഡ്വാൻസ്ഡ് സെന്റർ ഫോർ എൻവയൺമെന്റൽ സയൻസസ് ആന്റ് ഡെവലപ്മെന്റും ഗവേഷണ പരിപാടിയിൽ പങ്കെടുത്തിരുന്നു.

**പച്ചക്കറി കൂട**

അതിഥികൾക്ക് ഉപഹാരമായി ജൈവകൃഷിരീതികളിലൂടെ ഉത്പാദിപ്പിച്ച ജൈവ പച്ചക്കറി കൂടയാണ് നൽകിയത്. സർവ്വകലാശാലാ ലൈഫ്ലോങ്ങ് ലേണിംഗ് പഠന വകുപ്പിലെ പൂർവ്വ വിദ്യാർത്ഥികളായ സുവയേശൻ, സജിത്ത്, സൈജു എന്നിവരുടെ കൃഷിയിടങ്ങളിൽ നിന്ന് സമാഹരിച്ച വെണ്ട, വഴുതന, കത്തിരി, മുള്ളൻ വെള്ളരി, പീച്ചിൽ, കുക്കുംബർ തുടങ്ങിയവയാണ് ഈ ജൈവകൂടയിൽ ഉൾക്കൊള്ളിച്ചിരുന്നത്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**